ഭരണ ഭാഷ
മാതൃഭാഷ

നം.കെ.എസ്.എ.12308/എസ്റ്റാ.2/2017

കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ കാര്യാലയം
വികാസ് ഭവൻ, തിരുവനന്തപുരം
ഫോൺ : 0471-2303640
ഇ-മെയിൽ : director.ksad@kerala.gov.in
തീയതി : 16.01.2018

**സർക്കുലർ നം.2/2018**

വിഷയം:- ഗ്രൂപ്പ് പേഴ്സണൽ അപകട ഇൻഷ്വറൻസ് പദ്ധതി - നോമിനേഷൻ സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന:- 21.10.17-ലെ സ.ഉ(അച്ചടി) നം.133/2017/ധന

കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് 2011 വർഷം മുതൽ നടപ്പാക്കിയുള്ള ഗ്രൂപ്പ് പേഴ്സണൽ അപകട ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള നോമിനേഷൻ സമർപ്പിക്കുന്നതിന് താഴെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. വകുപ്പിലെ ശൂന്യവേതനാവധിയിലുള്ളവർ, അന്യത്ര സേവനത്തിൽ ഉള്ളവർ, പേ സ്ലിപ്പ് ലഭിക്കാത്ത കാരണത്താൽ ശമ്പളം ലഭിക്കാത്തവർ, മറ്റെന്തെങ്കിലും കാരണത്താൽ ശമ്പളം ലഭിക്കാത്തവർ എന്നീ ജീവനക്കാർ ഒഴികെയുള്ള മറ്റ് എല്ലാ ജീവനക്കാരേയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതും നിലവിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ ഇൻഷ്വറൻസ് പുതുക്കിയിട്ടുണ്ടോയെന്ന് ഉറപ്പ വരുത്തേണ്ടതും അതാത് കാര്യാലയങ്ങളിലെ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഉദ്യോഗസ്ഥരുടെ ചുമതലയാണ്.
2. വകുപ്പിലെ ജീവനക്കാരെല്ലാവരും ഗ്രൂപ്പ് പേഴ്സണൽ അപകട ഇൻഷ്വറൻസ് നോമിനേഷൻ കൃത്യമായി സമർപ്പിച്ചിട്ടുണ്ടെന്ന് ഓഫീസ് മേധാവികൾ ഉറപ്പ വരുത്തേണ്ടതാണ്.
3. ഉപകാര്യാലയങ്ങളിലെ മേധാവികളുടെ നോമിനേഷൻ മേലൊപ്പ ചാർത്തുന്നതിനായി അയച്ചു തരേണ്ടതും ഉപകാര്യാലയങ്ങളിലെ ഓഡിറ്റ് ഓഫീസർമാർ ഉൾപ്പെടെയുള്ള മറ്റു ജീവനക്കാരുടെ നോമിനേഷൻ വാങ്ങി സൂക്ഷിച്ചിട്ടുണ്ടെന്ന വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

എല്ലാ ഓഫീസ് മേധാവികളും ഈ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

വിശ്വസ്തതയോടെ
(ഒപ്പ്)
**ഡയറക്ടർ**

**ഉത്തരവിൻ പ്രകാരം**

**ഓഡിറ്റ് ഓഫീസർ**